(ബി) പുതുതായി രൂപീകരിച്ച പ്രസ്തുത പഞ്ചായത്തിൽ പ്രൈമറി ഹെൽത്ത് സെന്റർ അരംഭിക്കാത്തതുനിമിത്തം ജനങ്ങൾ വളരെ അധികം ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നതായി പരാതികൾ ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ചിറക്കര ഗ്രാമപഞ്ചായത്ത് ഉൾപ്പെട്ട പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ ഇല്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ അവ ആരംഭിക്കുന്നത് സംബന്ധിച്ച നിർദ്ദേശം സർക്കാർ പരിശോധിച്ചു വരികയാണ്.

(ബി) ചിറക്കര ഗ്രാമപഞ്ചായത്തിൽ പ്രാഥമികാരോഗ്യകേന്ദ്രം ആരംഭിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ട്. പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

അരൂർ വള്ളിത്തോട് പി.എച്ച്.സി.കളിൽ ഐ.പി.വിഭാഗം അനുവദിക്കൽ

37 (621) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അരൂർ നിയോജക മണ്ഡലത്തിലെ അരൂർ, വള്ളിത്തോട് പി.എച്ച്.സി-കളിൽ 'ഐ.പി' (24 X 7) അനുവദിച്ചുകൊണ്ട് ഉത്തരവിറങ്ങിയിട്ടുണ്ടോ ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) അത് പ്രകാരം 'ഐ.പി' ആരംഭിക്കുന്നതിന് എന്തെല്ലാം ക്രമീകരണങ്ങളാണ് വരുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 6-11-2008-ലെ ജി.ഒ.(എംഎസ്.) 568/08/ആ.കു.വ.നമ്പർ ഉത്തരവ് പ്രകാരം അരൂർ നിയോജകമണ്ഡത്തിലെ അരൂർ പി.എച്ച്.സി. (24X7) പി.എച്ച്.സി. ആയി ഉയർത്തിയിട്ടുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. †

(ബി) 6-11-08-ലെ ജി.ഒ.(എംഎസ്.) 568/08/ആ.കു.വ. നമ്പർ ഉത്തരവ് പ്രകാരം പദവി ഉയർത്തിയ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം എൻ.ആർ.എച്ച്.എം. മുഖാന്തിരവും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയുമാണ് നടപ്പിലാക്കേണ്ടത്. അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രെപ്പോസൽ സർക്കാർ പരിശോധിച്ച് വരികയാണ്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly